പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3217 | 19/06/2019- ൽ മറുപടിയ്ക്ക്

## കുട്ടനാട്ടിലെ ആവാസവ്യവസ്ഥ

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) കുട്ടനാട്ടിലെ ആവാസവ്യവസ്ഥയെ പ്രളയം എപ്രകാരമാണ് ബാധിച്ചതെന്ന് പഠിക്കുന്നതിനായി ഏതെങ്കിലും അന്തർദേശീയ ഗവേഷണ പഠനകേന്ദ്രത്തിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) കുട്ടനാട്ടിലെ ആവാസ വ്യവസ്ഥയിൽ പ്രളയത്തിന്റെ ആഘാതം പഠിക്കുന്നതിനായി ആലപ്പുഴ ആസ്ഥാന മാക്കിയിട്ടുള്ള അന്തർദേശീയ കായൽ കൃഷി ഗവേഷണ കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുട്ടനാടിന്റെ സമഗ്ര വികസനത്തിന് പ്രത്യേക പാക്കേജ് തയ്യാറാക്കുന്ന തിനായി താഴെപറയുന്ന 9 അംഗങ്ങൾ അടങ്ങുന്ന ഒരു കോർ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.<br><br>1. കാർഷികോൽപാദന കമ്മീഷണർ - കൺവീനർ<br>2. കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ - മെമ്പർ<br>3. കൃഷി ഡയറക്ടർ - മെമ്പർ<br>4. സോയിൽ കൺസർവേഷൻ & സോയിൽ സർവ്വേ ഡയറക്ടർ - മെമ്പർ<br>5. ഡോ. ജയകുമാരൻ - സ്പെഷ്യൽ ഓഫീസർ (KKS & ASC) മെമ്പർ<br>6. ഡോ. പി.രാജശേഖരൻ - സംസ്ഥാന വില നിർണ്ണയ ബോർഡ് ചെയർമാൻ - മെമ്പർ<br>7. ശ്രീ. നാഗേഷ് - ചീഫ് (അഗ്രി) പ്ലാനിംഗ് ബോർഡ് - മെമ്പർ<br>8. ഡോ.കെ.ജി.പത്മകുമാർ, ഡയറക്ടർ, അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണ പരിശീലനകേന്ദ്രം കുട്ടനാട് - മെമ്പർ<br>9. ശ്രീ. പി.എസ്.രാജീവ്, കേരളാ ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ- മെമ്പർ<br><br>പ്രസ്തുത കോർ കമ്മിറ്റിയുടെ ആദ്യയോഗം 12.10.2018 ന് ബഹു. കാർഷികോൽപാദന കമ്മീഷണറുടെ |

അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. കുട്ടനാടിന്റെ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകളെ കുറിച്ചും, കൃഷി നടത്തുന്നതിനും വെള്ളം സുഗമമായി പോകേണ്ടതിന് നടത്തേണ്ട പ്രവർത്തനങ്ങളെ കുറിച്ചും വിശദമായി ചർച്ച ചെയ്തു. അടുത്തിടെയുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തി ലാകണം പുതിയ പദ്ധതി തയ്യാറാക്കപ്പെടേണ്ടതെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി പ്രത്യേക പാക്കേജിന്റെ കരട് TOR (Terms of reference) തയ്യാറാക്കുന്നതിനായി ആലപ്പുഴ ആസ്ഥാനമായ അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണകേന്ദ്ര ഡയറക്ടറെ യോഗം ചുമതലപ്പെടു ത്തിയിട്ടുണ്ട്. TOR തയ്യാറാക്കുന്ന നടപടി പുരോഗമിച്ചു വരുന്നു.

(ബി) കുട്ടനാട്ടിലെ കാർഷികമേഖലയ്ക്ക് പ്രളയം ഗുണപ്രദമായി എന്ന് കൃഷി വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത സ്ഥലത്ത് നെല്ലുത്പാദനം ഇക്കഴിഞ്ഞ സീസണിൽ ഉയർന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ബി) പ്രളയശേഷം കുട്ടനാടൻ മേഖലയിൽ മണ്ണിന്റെ അമ്ലതയും ലവണാംശവും നെൽകൃഷിക്ക് ഏറ്റവും അനുയോജ്യമായ തരത്തിൽ ആകുകയും പ്രളയജലത്തോടൊപ്പം വന്നടിഞ്ഞ എക്കലിന്റെ സാന്നിദ്ധ്യം കൊണ്ട് ജൈവിക കാർബണിന്റെ അളവും ജൈവാംശവും വർദ്ധിക്കുകയും ചെയ്തതിനാൽ നെൽകൃഷിക്ക് ഗുണകരമായ ഫലമുണ്ടായി. നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിക്കുകയും ചെയ്തു. ശരാശരി ഉല്പാദനക്ഷമത പത്തനംതിട്ട ജില്ലയിൽ 5.2 ടണ്ണും, ആലപ്പുഴ ജില്ലയിൽ 7.5 ടണ്ണും, കോട്ടയം ജില്ലയിൽ 6.7 ടണ്ണും ആയി വർദ്ധിച്ചു. കുട്ടനാടൻ പ്രദേശത്ത് ആകെ കൃഷി ചെയ്ത 50503.073 ഹെക്ടർ സ്ഥലത്ത് നിന്നും 3,58,644.47 ടൺ നെല്ല് ഉല്പാദിപ്പിച്ചു.

പ്രളയത്തിനു മുൻപ് (2017-18 സാമ്പത്തിക വർഷം) ശരാശരി ഉല്പാദനക്ഷമത പത്തനംതിട്ട ജില്ലയിൽ 4.75 ടണ്ണും ആലപ്പുഴ ജില്ലയിൽ 4.36 ടണ്ണും കോട്ടയം ജില്ലയിൽ 4.72 ടണ്ണും നെല്ല് ആയിരുന്നു. കുട്ടനാടൻ പ്രദേശത്ത് ആകെ ഉല്പാദനം 2,73,379 ടൺ നെല്ല് മാത്രമായിരുന്നു. പ്രളയത്തിനു ശേഷം 85265.47 ടൺ നെല്ലിന്റെ ഉല്പാദന വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു

**സെക്ഷൻ ഓഫീസർ**